**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2654** **23-02-2026 - ൽ മറുപടിയ്ക്ക്**

**വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം - രണ്ടാം ഘട്ട വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. നജീബ് കാന്തപുരം | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി) | |
| (എ) | വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം പൂർണ്ണതോതിൽ പ്രവർത്തനസജ്ജമായിട്ടും വൻകിട കപ്പലുകളെയും ചരക്ക് നീക്കത്തെയും പിന്തുണയ്ക്കുന്നതിനായുള്ള പോർട്ട്-ഡ്രിവൺ ഇൻഡസ്ട്രിയൽ ഇക്കോസിസ്റ്റം വികസിപ്പിക്കുന്നതിൽ സർക്കാർ പരാജയപ്പെട്ടതായി ശ്രദ്ധയിപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണം വിശദമാക്കുമോ; | (എ) | തുറമുഖാധിഷ്ഠിത ഇൻഡസ്ട്രിയൽ ഇക്കോസിസ്റ്റം വികസിപ്പിക്കുന്നതിന് വിഴിഞ്ഞം ഇന്റർനാഷണൽ സീപോർട്ട് ലിമിറ്റഡ് (VISL) നിരവധി വികസന പദ്ധതികൾ തയ്യാറാക്കി വരുന്നു. കപ്പലുകളിൽ ഇന്ധനം നിറയ്ക്കുന്ന ബങ്കറിംഗ് പ്രക്രിയയ്ക്ക് ഇന്ത്യൻ ഓയിൽ കോർപറേഷനുമായും (IOCL), ലോജിസ്റ്റിക് പാർക്കുകൾ വികസിപ്പിക്കുന്നതിന് CONCOR, CWC എന്നീ സ്ഥാപനങ്ങളുമായും ധാരണാപത്രം ഒപ്പ് വയ്ക്കുന്നതിന് തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. ഇതുപോലെയുള്ള നിരവധി പദ്ധതികൾ രൂപപ്പെടുത്തി വരുന്നു.<br><br>ഇതിലേയ്ക്കായി അന്താരാഷ്ട്ര നിലവാരത്തിലുള്ള ഒരു കൺസൽട്ടന്റിനെ ട്രാൻസാക്ഷൻ അഡ്വൈസറായി നിയമിച്ചിട്ടുണ്ട്. അവരുടെ പ്രവർത്തനം പുരോഗമിച്ചു വരുന്നു. ഇത്തരത്തിൽ നിരവധി ലോജിസ്റ്റിക്സ് / വ്യാവസായിക സംരംഭങ്ങൾ തിരുവനന്തപുരം, കൊല്ലം ജില്ലകളിൽ ആരംഭിക്കുന്നതിനായുള്ള നടപടികൾ ദ്രുതഗതിയിൽ പുരോഗമിക്കുന്നു. |
| (ബി) | രണ്ടാം ഘട്ട വികസനത്തിനായി കടൽ നികത്തുമ്പോൾ ഉണ്ടാകാൻ സാധ്യതയുള്ള പരിസ്ഥിതി ആഘാതങ്ങളെക്കുറിച്ച് പുതിയ പഠനങ്ങൾ നടത്തിയിട്ടുണ്ടോ വിശദമാക്കുമോ; | (ബി) | വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ രണ്ടാം ഘട്ട വികസനത്തിന്റെ ഭാഗമായി കടൽ നികത്തുമ്പോൾ ഉണ്ടാകാൻ സാധ്യതയുള്ള പരിസ്ഥിതി ആഘാതങ്ങളെക്കുറിച്ച് പഠനങ്ങൾ നടത്തിയിട്ടുണ്ട്. MoEF (Ministry of Environment, Forest and Climate Change) ന്റെ നിർദ്ദേശ പ്രകാരമുള്ള പഠനങ്ങൾ നടത്തിയിട്ടുള്ളതും പ്രസ്തുത പഠനങ്ങൾ EAC (Expert Appraisal Committee) വിലയിരുത്തിയതിന്റെ അടിസ്ഥാന ത്തിലാണ് വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ തുടർ വികസനത്തിനുള്ള പാരിസ്ഥിതിക അനുമതി 2025 മാർച്ച് 10 ന് കേന്ദ്ര വനം, പരിസ്ഥിതി, കാലാവസ്ഥാ വ്യതിയാന മന്ത്രാലയത്തിൽ (MoEF) നിന്നും ലഭിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | വിഴിഞ്ഞത്തുനിന്നുള്ള ചരക്ക് നീക്കത്തിനായി ബാലരാമപുരം വഴിയുള്ള ഭൂഗർഭ റെയിൽവേ പാതയുടെ സ്ഥലമേറ്റെടുപ്പ് നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ; | (സി) | വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ റെയിൽ കണക്റ്റിവിറ്റി, ചരക്ക് ഗതാഗതം കാര്യക്ഷമമാക്കുന്നതിനും തുറമുഖത്തെ ദേശീയ റെയിൽ ശൃംഖലയുമായി ബന്ധിപ്പിക്കുന്നതിനുമായി ബാലരാമപുരം സ്റ്റേഷനിലേക്കുള്ള ഒരു പ്രത്യേക റെയിൽ ലൈൻ ആണ് ആസൂത്രണം ചെയ്തിരിക്കുന്നത്. പദ്ധതി കൊങ്കൺ റെയിൽവേ കോർപ്പറേഷൻ ലിമിറ്റഡ് (KRCL) വഴിയാണ് നടപ്പിലാക്കുന്നത്. ഏകദേശം 10.7 കിലോമീറ്റർ നീളമുള്ള (അതിൽ ഏകദേശം 9 കിലോമീറ്റർ ഭൂഗർഭ ടണൽ ഉൾപ്പെടെ) ഈ റെയിൽ ലൈനിന്റെ വിശദമായ പദ്ധതി റിപ്പോർട്ട് (DPR) KRCL തയ്യാറാക്കിയതും, ആവശ്യമായ റെയിൽവേ അനുമതികളും പരിസ്ഥിതി അനുമതിയും, ലഭ്യമായിട്ടുണ്ട്. ഭരണാനുമതി നൽകിയിട്ടുണ്ട്. ബാലരാമപുരത്തെ ഭൂമി ഏറ്റെടുക്കൽ അവസാന ഘട്ടത്തിലാണ്. വിഴിഞ്ഞത്തെ ഭൂമി ഏറ്റെടുക്കൽ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. ഭൂമി ഏറ്റെടുക്കുന്നതിനായി 193 കോടി രൂപ കെട്ടിവെച്ചിട്ടുണ്ട്. |
| (ഡി) | തുറമുഖം വഴി ലഭിക്കുന്ന ലാഭവിഹിതം സംബന്ധിച്ച് അദാനി ഗ്രൂപ്പുമായി നിലവിലുള്ള കരാറിൽ മാറ്റങ്ങൾ വരുത്താൻ സർക്കാർ ആലോചിക്കുന്നുണ്ടോ; വിശദമാക്കുമോ? | (ഡി) | നിലവിൽ ആലോചനയില്ല. |

സെക്ഷൻ ഓഫീസർ